**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 102** **04-07-2022 - ൽ മറുപടിയ്ക്ക്**

**കുളിമാട് പാലം തകർന്ന സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ . ടി. വി. ഇബ്രാഹിം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നിർമ്മാണത്തിലിരിക്കുന്ന കുളിമാട് പാലത്തിന്റെ ബീം തകർന്ന സംഭവത്തിൽ മരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നോ; | (എ) | സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത റിപ്പോർട്ടിലെ നിഗമനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; റിപ്പോർട്ട് അപൂർണ്ണമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ക്രമക്കേടുകൾ സംബന്ധിച്ച് വകുപ്പിന് പുറത്തുള്ള ഏജൻസിയെക്കൊണ്ട് സമഗ്രമായ അന്വേഷണം നടത്താൻ തയ്യാറാകുമോ; | (ബി) | പൊതുമരാമത്ത് വിജിലൻസ് വിഭാഗത്തിന്റെ ആവശ്യാർത്ഥം കോഴിക്കോട് NIT യിൽ നടത്തിയ പരിശോധനയിൽ ഹൈഡ്രോളിക് ജാക്കിൽ കണ്ടെത്തിയ തകരാറും, ദൃക്സാക്ഷികളുടെ മൊഴിയും, ബീം മറിഞ്ഞു വീണ രീതിയും വിശകലനം ചെയ്തതിൽ നിന്നും ജാക്കിന്റെ പ്രവർത്തനത്തിലുണ്ടായ അപാകതയാണ് അപകടത്തിനു കാരണമായതെന്ന് കണ്ടെത്തിയതായി റിപ്പോർട്ടിൽ പറയുന്നു. ഗുണനിലവാര പരിശോധന ഫലങ്ങളുടെ അടിസ്ഥാനത്തിൽ ഇതുവരെയുള്ള നിർമ്മിതികൾക്ക് ഗുണമേന്മ സംബന്ധിച്ച ആശങ്കകൾ നിലനിൽക്കുന്നില്ല എന്നാണ് വിജിലൻസിന്റെ കണ്ടെത്തൽ. പ്രവൃത്തിയ്ക്കായി കരാർ കമ്പനി നിയോഗിച്ചിട്ടുള്ള ജീവനക്കാർക്ക് പ്രസ്തുത മേഖലയിൽ പ്രവൃത്തി പരിചയവും നൈപുണ്യവും ഉണ്ടായിരുന്നതായി കാണുന്നുവെന്നും റിപ്പോർട്ടിൽ പറയുന്നു. ഇത് സംബന്ധിച്ച് പൊതുമരാമത്ത് വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ട് അപൂർണ്ണമാണെന്ന് കണ്ടെത്തിയിട്ടില്ല. ശാസ്ത്രീയവും സാങ്കേതികവുമായി നടത്തിയ അന്വേഷണ റിപ്പോർട്ട് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ വകുപ്പിന് പുറത്തുള്ള ഏജൻസിയെക്കൊണ്ട് അന്വേഷണം ആവശ്യമായി കാണാത്തതിനാൽ തന്നെ അത്തരം തീരുമാനം എടുത്തിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ബീം തകർന്നതിലൂടെ ഉണ്ടായ നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | പ്രവൃത്തിഘട്ടമായതിനാൽ സർക്കാരിന് നഷ്ടമൊന്നും സംഭവിച്ചിട്ടില്ല. കേടുപാടുകൾ സംഭവിച്ച ബീമുകൾ കരാർ കമ്പനിയുടെ ചിലവിൽ തന്നെ സൈറ്റിൽ നിന്നും നീക്കം ചെയ്ത് പകരം പുതിയത് നിർമ്മിച്ച് പ്രവൃത്തി തുടരാവുന്നതാണ്. ബീം മാറ്റി പുതിയത് നിർമ്മിക്കുന്നതിനും നിലവിലുള്ള നിർമ്മിതിയുടെ തുടർപരിശോധനകൾക്കും കേടുപാടുകൾ തീർക്കുന്നതിനുമുള്ള പൂർണ്ണമായ ചെലവ് കരാർ കമ്പനി തന്നെ വഹിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ